സി.ജി.(1) 52475/16. സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, 7.12.2016

**സർക്കുലർ നമ്പർ. 47/2016.**

വിഷയം:–സഹകരണ വകുപ്പ്–സഹകരണ മേഖല സംരക്ഷണ കാമ്പയിൻ–
മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത്–സംബന്ധിച്ച്.
സൂചന:–ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 30.11.2016–ന്
കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് തീരുമാനം.

.........

കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ജനജീവിതത്തെ ബാധിക്കുന്ന സമസ്ത മേഖലകളിലും സഹകരണ പ്രസ്ഥാനം സർവ്വവ്യാപിയായി നില ക്കൊള്ളുന്നു. ക്രെഡിറ്റ്, കൺസ്യൂമർ, മാർക്കറ്റിംഗ്, പ്രോസസ്സിംഗ്, ആരോഗ്യം,വിദ്യാഭ്യാസം, വനിത,പട്ടികജാതി/പട്ടികവർഗ്ഗം, നിർമ്മാണ മേഖല, ക്ഷീരം, കയർ, കൈത്തറി തുടങ്ങി പരമ്പരാഗത മേഖലകൾ ഉൾപ്പെടെ സാധാരണ ജനജീവിതം അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന തിന് സഹകരണ മേഖലയെ ആശ്രയിക്കുന്നു. രാജ്യത്തിനാകെ മാതൃക യായ രീതിയിലാണ് സംസ്ഥാന സഹകരണ മേഖല പ്രവർത്തിക്കുന്നത്. സഹകാരികളും, പൊതുജനങ്ങളും സഹകരണ പ്രസ്ഥാനത്തോട് കാണിച്ച ആഭിമുഖ്യവും, വിശ്വസ്തതയുമാണ് ഈ നേട്ടങ്ങൾക്ക് പിന്നിൽ.

കേന്ദ്ര സർക്കാരിന്റെ 8.11.2016–ലെ എസ്.ഒ.3407 (ഇ) നമ്പർ നോട്ടിഫിക്കേ ഷൻ പ്രകാരം രാജ്യത്ത് നിലവിലിരുന്ന 500/–, 1000/– രൂപ നോട്ടുകൾ 2016 നവംബർ മാസം 9–ാം തീയതി മുതൽ അസാധുവാക്കുകയുണ്ടായി. ആയ തിനെ തുടർന്ന് മറ്റെല്ലാ മേഖലകളിലും ഉണ്ടാകുന്നതു പോലെ സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുള്ള മാന്ദ്യം മറി കടക്കുന്നതിനായി വിവിധ പ്രവർത്തനങ്ങളിലും ആസൂത്രണം ചെയ്തിട്ടുണ്ട്.

30.11.2016–ന് ചേർന്ന സെൻട്രൽ ബാങ്ക് കോൺഫറൻസ് പ്രശ്നം വിലയി രുത്തുകയും പ്രതിസന്ധി മറികടക്കുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളുന്നതിനും, 2016 ഡിസംബർ 10 മുതൽ 2017– ജനുവരി 10–വരെ ''സഹകരണ മേഖലാ സംരക്ഷണ കാമ്പയിൻ'' സംഘടിപ്പിക്കുന്നതിന് തീരു മാനിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി പ്രധാനമായും താഴെപ്പറയുന്ന പരിപാടികൾ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

1. സഹകരണ മേഖലാ സംരക്ഷണ കാമ്പയിൻ
2. നിക്ഷേപ സമാഹരണ യജ്ഞം
3. സഹകരണ സംരക്ഷണ ദിനം.

## സഹകരണ മേഖലാ സംരക്ഷണ കാമ്പയിൻ–സംസ്ഥാന, ജില്ലാ, സംഘംതല പ്രാഥമിക സംഘംതല കൺവെൻഷനുകൾ.

''സഹകരണമേഖലാ സംരക്ഷണ കാമ്പയിൻ 2016''–ന്റെ ഭാഗമായി ഡിസംബർ 11 ഞായറാഴ്ച ഉച്ചയ്ക്ക് ശേഷം 3 മണിയ്ക്ക് എറണാകുളം ടൗൺ ഹാളിൽ വെച്ച് സംസ്ഥാനതല കൺവെൻഷൻ സംഘടിപ്പിക്കുന്നു. സ്വാഗതസംഘം രൂപീകരിച്ച് നടപടികൾ എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) സ്വീകരിക്കേണ്ടതാണ്. ജനപ്രതിനിധികൾ, പ്രമുഖ സഹകാരികൾ, സംസ്ഥാന/ജില്ലാ/അർബൻ/പ്രാഥമികസംഘങ്ങൾ/ബാങ്കുകളുടെ പ്രതിനിധികൾ, അപ്പക്സ് സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവരെ സംസ്ഥാനതല കൺവെൻഷനിൽ പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇതേ രീതിയിൽ ജില്ലാതലത്തിലും, പ്രാഥമിക സഹകരണസംഘം/ബാങ്ക്തലത്തിലും കൺവെൻഷനുകൾ സംഘടിപ്പിക്കേണ്ടതാണ്. ജില്ലാതല പ്രാഥമികതല കൺവെൻഷനുകൾ ഡിസംബർ 12 മുതൽ 17–നകവും, ബാങ്ക്തല കൺവെൻഷനുകൾ ഡിസംബർ 12 മുതൽ 17–നകവും സംഘടിപ്പിക്കേണ്ടതാണ്. ജില്ലാതല കൺവെൻഷനുകൾ സംഘടിപ്പിക്കുന്നതിന് അതാതു ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാരും, പ്രാഥമിക സംഘംതല കൺവെൻഷനുകൾ സംഘടിപ്പിക്കുന്നതിന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാരും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. താലൂക്ക്തല മോണിറ്ററിംഗ് കമ്മറ്റി യോഗം ചേർന്ന് സംഘംതല കൺവൻഷനുകൾ, ഭവന സന്ദർശനം എന്നിവ പ്ലാൻചെയ്യേണ്ടതും സമയബന്ധിതമായി ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. സഹകരണ പ്രസ്ഥാനത്തിന്റെ നേട്ടങ്ങളും, പോരായ്മകളും വിലയിരുത്തി സഹകരണ പ്രസ്ഥാനത്തിന് കൂടുതൽ ശക്തി പകരുന്നതിനും,പുത്തൻ ഉണർവ്വേകാനും, സഹായിക്കുന്ന ചർച്ചകളും, ബോധവത്ക്കരണവും ഈ ബഹുജന കാമ്പയിന്റെ ഭാഗമാക്കേണ്ടതാണ്. സഹകരണ സംരക്ഷണദിനത്തിന്റെ ഭാഗമായി ഭവന സന്ദർശനപരിപാടി വിജയകരമായി സംഘടിപ്പിക്കുന്നതിനാവശ്യമായ രൂപരേഖ ബാങ്ക്തല കൺവെൻഷനിൽ രൂപപ്പെടുത്തേണ്ടതാണ്.

## 2. നിക്ഷേപ സമാഹരണയജ്ഞം

1. നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ കാലയളവ് 2016–ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയാണ്.
2. കേരള സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, അർബൻ സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണസംഘങ്ങൾ, മറ്റ് വായ്പാ സഹകരണസംഘങ്ങൾ, തുടങ്ങി നിക്ഷേപം സ്വീകരിക്കാൻ അനുമതിയുള്ള മുഴുവൻ സഹകരണസംഘങ്ങളും/ബാങ്കുകളും ഈ കാമ്പയിനിൽ ഭാഗഭാക്കാകേണ്ടതാണ്. ഇപ്രകാരം സംഘങ്ങളെ തെരഞ്ഞെടുക്കുമ്പോൾ പ്രവർത്തനരഹിതവും ഗുരുതരമായ സ്വഭാവത്തിലുള്ള പണാപഹരണം/ക്രമക്കേടുകൾ എന്നിവയിൽ ഉൾപ്പെട്ട സഹകരണസംഘങ്ങളെ നിക്ഷേപ സമാഹരണ യജ്ഞത്തിൽ നിന്ന് ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
3. നിക്ഷേപങ്ങൾക്ക് സഹകരണസംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നിർദ്ദേശത്തിലെ നിരക്കിൽ അധികമായി പലിശ നൽകാൻ പാടുള്ളതല്ല.
4. കാമ്പയിന്റെ വിജയകരമായ നടത്തിപ്പിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാരും, താലൂക്ക്തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ക്കും ആയിരിക്കും. അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്), അസിസ്റ്റന്റ് രജിസ്ട്രാർ /വാല്യുവേഷൻ ഓഫീസർ, യൂണിറ്റ് ഇൻസ്പെക്ടർ, ആഡിറ്റർ ഉൾപ്പെടെ സഹകരണ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും യജ്ഞത്തിന്റെ മുൻനിര പ്രവർത്തനം ഏറ്റെടുക്കേണ്ടതാണ്.
5. ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) നെ കാമ്പയിന്റെ ജില്ലാതല നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് ആവശ്യപ്പെടുന്ന വിവരങ്ങളും ദൈനംദിന പുരോഗതി റിപ്പോർട്ടും സഹകരണസംഘം രജിസ്ട്രാർക്ക്

സമർപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ നിയന്ത്രണത്തിൽ നോഡൽ ആഫീസർക്കായിരിക്കുന്നതാണ്.

6. സർക്കിൾതല ചുമതല വഹിക്കുന്ന അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സർക്കിൾ പരിധിയിലുള്ള മുഴുവൻ സഹകരണ സംഘങ്ങളുടെയും ഓരോ ആഴ്ചയിലേയും നിക്ഷേപ വിവരങ്ങൾ യൂണിറ്റ് ഇന്സ്പെക്ടർമാർ മുഖേന ശേഖരിച്ച് സർക്കിൾതലത്തിൽ ക്രോഡീകരിച്ച് അതാത് ദിവസം ജില്ലാതല നോഡൽ ഓഫീസറായ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) ന് സമർപ്പിക്കേണ്ടതാണ്. നോഡൽ ഓഫീസർ ജില്ലാതല നിക്ഷേപകണക്കുകൾ ക്രോഡീകരിച്ച് സഹകരണസംഘം രജിസ്ട്രാറെ അറിയിക്കേണ്ടതുമാണ്. ഡിസംബർ മാസം 17, 24,31, ജനുവരി 10 എന്നീ തീയതികളിലെ വിവരങ്ങളാണ് ലഭ്യമാക്കേണ്ടത്. സർക്കിൾ തലത്തിൽ സംഘങ്ങൾ /ബാങ്കുകളുടെ നിക്ഷേപ വിവരങ്ങൾ അതാതു സംഘങ്ങളുടെ ചാർജ്ജുള്ള യൂണിറ്റ് ഇൻസ്പെക്ടർമാർ മുഖേന തന്നെ ശേഖരിക്കേണ്ടതും ആയത് ക്രോഡീകരിച്ച് നൽകുന്നതിന് സർക്കിൾ തലത്തിൽ ഒരു ഇൻസ്പെക്ടർക്ക് ചുമതല നൽകാവുന്നതുമാണ്.

7. സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണസംഘങ്ങൾ/ബാങ്കുകൾ, മറ്റ് വായ്പാ സഹകരണസംഘങ്ങൾ, അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണസംഘങ്ങൾ എന്നിവ മുഖാന്തിരം വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

8. ജില്ലാ സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങളെ സംബന്ധിച്ച വിവരങ്ങൾ അതാത് ജില്ലാ ജോയിൻറ് രജിസ്ട്രാർമാർ ശേഖരിച്ച് ഖണ്ഡിക 6-ൽ പറയുന്ന പ്രകാരം സമർപ്പിക്കേണ്ടതാണ്. സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ഇവയുടെ നിക്ഷേപ വിവരം സഹകരണസംഘം രജിസ്ട്രാർ ആഫീസിൽ അതാത് ബാങ്കുകൾ ഖണ്ഡിക 6-ൽ പറയും പ്രകാരം സമർപ്പിക്കേണ്ടതാണ്. ആയതിന് വേണ്ട ക്രമീകരണങ്ങൾ ജനറൽ മാനേജർമാർ ഏർപ്പെടുത്തേണ്ടതും നോഡൽ ആഫീസർമാരെ ചുമതലപ്പെടുത്തേണ്ടതുമാണ്.

9. നിക്ഷേപ ബാക്കി നിൽപ്പ്, പ്രതിവാര പുരോഗതി റിപ്പോർട്ട് ഇവ ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ അയച്ചു തരേണ്ടതാണ്.

### 3. <u>സഹകരണ സംരക്ഷണ ദിനം.</u>

2016– ഡിസംബർ 18–ന് സഹകരണ സംരക്ഷണ ദിനമായി അചരിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നു. ഇതിന്റെ ഭാഗമായി അന്നേദിവസം ഒരു ലക്ഷം സഹകാരികളും, 1 ലക്ഷം ജീവനക്കാരും കേരളത്തിലെ 67 ലക്ഷത്തോളം വരുന്ന ഭവനങ്ങൾ സന്ദർശിച്ച് താഴെപ്പറയുന്നവ സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിനും ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിനും, തീരുമാനിച്ചിരിക്കുന്നു. ഇതിനായി താഴെ പറയുന്ന വിധത്തിലുള്ള പ്രചാരണങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

- 500/–, 1000/– രൂപ നോട്ടുകൾ അസാധുവാക്കിയതുമായി ബന്ധപ്പെട്ട് ബാങ്കുകളിൽ/സംഘങ്ങളിൽ ഉടലെടുത്തിട്ടുള്ള പ്രതിസന്ധി നോട്ട് ലഭ്യതയുമായി ബന്ധപ്പെട്ടുള്ളതും, അത് താൽക്കാലികവുമാണ്.
- നിക്ഷേപ തുക യാതൊരു കാരണവശാലും നിക്ഷേപകർക്ക് നഷ്ടമാകില്ല.
- ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് റിസർവ്വ് ബാങ്കിന്റെ കീഴിലുള്ള ഡിപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷന്റെ നിക്ഷേപ സുരക്ഷാപദ്ധതി ബാധകമാണ്.
- പ്രാഥമിക സഹകരണസംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് കേരള സർക്കാരിന്റെ നിക്ഷേപ സുരക്ഷാ പദ്ധതി ബാധകമാണ്.
- ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ റിസർവ്വ് ബാങ്ക് നിഷ്ക്കർഷിക്കുന്ന കെ. വൈ.സി മാനദണ്ഡം ബാധകമാണ്.

- പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സഹകരണസംഘം രജിസ്ട്രാർ നിഷ്കർഷിക്കുന്ന കെ.വൈ.സി. മാനദണ്ഡം ബാധകമാണ്.
- സഹകരണ സംഘങ്ങളിലേയും, ബാങ്കുകളിലെയും നിക്ഷേപം സംബന്ധിച്ചുള്ള വാർത്തകൾ കുപ്രചരണങ്ങളാണ് താൽക്കാലിക പ്രതിസന്ധികൾ മറികടക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മാർഗ്ഗങ്ങൾ അവലംബിച്ച് സഹകരണ പ്രസ്ഥാനത്തോടൊപ്പം ഉറച്ചു നിൽക്കുക.
- സാധാരണക്കാരുടെ ജനകീയ പ്രസ്ഥാനമായ സഹകരണ മേഖലയുടെ പ്രസക്തിയേയും, പ്രാധാന്യത്തേയും കുറിച്ച് ബോധവാൻമാരാക്കുക.
- സംഘം പരിധിയിലെ പഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ സ്ക്വോർഡുകൾ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതും പരമാവധി സഹകാരികളെയും ജീവനക്കാരെയും സ്ക്വോർഡിൽ പങ്കാളികളാക്കേണ്ടതുമാണ്.
- ഒരു ഭവനത്തിൽ നിന്നും സഹകരണ ബാങ്കുകളിൽ ഏറ്റവും കുറഞ്ഞത് 1000/- രൂപയുടെ എങ്കിലും പുതിയ നിക്ഷേപം നടത്തുന്നതിന് പ്രേരിപ്പിക്കുക.
- സംസ്ഥാന/ജില്ല/സംഘംതല കൺവെൻഷനുകളിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുക.
- സംഘം തലത്തിൽ ബോർഡുകൾ മറ്റ് പ്രചാരണ ഉപാധികൾ എന്നിവ സ്ഥാപിക്കാവുന്നതാണ്.

കാമ്പയിന്റെ ബാങ്ക്തല അവലോകനയോഗങ്ങൾ ഡിസംബർ 22-നകം നടത്തേണ്ടതാണ്. അവലോകന യോഗങ്ങളിൽ സ്ഥിതി വിവരകണക്കുകൾ ആധാരമാക്കിയുള്ള വിശദമായ വിശകലനങ്ങൾ നടത്തേണ്ടതാണ്. ബാങ്ക്തല അവലോകന യോഗ റിപ്പോർട്ടുകൾ ഡിസംബർ 23, വൈകിട്ട് 5-മണിയ്ക്ക് മുമ്പായി അതാതു അസിസ്റ്റന്റ് രജിസ്ട്രാർമാർക്ക് ലഭ്യമാക്കേണ്ടതാണ്. താലൂക്ക്തല അവലോകന യോഗങ്ങൾ

ഡിസംബർ 24–നകം നടത്തി അവലോകന റിപ്പോർട്ടുകൾ ഡിസംബർ –26–നകം അതാത് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്ക് ലഭ്യമാക്കേണ്ടതാണ്.

ജില്ലാതല അവലോകന യോഗങ്ങൾ ഡിസംബർ 28–നകം നടത്തേണ്ടതാണ്. ജില്ലാതല അവലോകന യോഗങ്ങളുടെ റിപ്പോർട്ടുകൾ ജോയിൻറ് രജിസ്ട്രാർ (ജനറൽ) മാർ ഡിസംബർ 30 ഉച്ചയ്ക്ക്ശേഷം 3 –മണിയ്ക്ക് മുമ്പായി സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

സഹകരണ മേഖലാ സംരക്ഷണ കാമ്പയിൻ സംഘടിപ്പിക്കുന്നതിന് ആവശ്യമായ വകുപ്പുതല ഉദ്യോഗസ്ഥരുടെ വിന്യാസം, ചുമതലാവിഭജനം എന്നിവ ജോയിൻറ് ഡയറക്ടർ (ആഡിറ്റ്) മായി കൂടിയാലോചിച്ച് ജോയിന്റ് രജിസ്ട്രാർ (ജനറൽ) നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
എസ്. ലളിതാംബിക.ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

// ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)

# സംസ്ഥാന, ജില്ല, താലൂക്ക്  സംഘംതല മോണിട്ടറിംഗ് കമ്മിറ്റി ഘടന

## സംസ്ഥാന തല കമ്മിറ്റി

| | | |
|---|---|---|
| 1. | ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി | രക്ഷാധികാരി |
| 2. | ചെയർമാൻ,  സംസ്ഥാന സഹകരണ യൂണിയൻ | രക്ഷാധികാരി |
| 3. | പ്രസിഡന്റ്, സംസ്ഥാന സഹകരണ ബാങ്ക് | ചെയർമാൻ |
| 4. | ഗവൺമെന്റ് സെക്രട്ടറി | അംഗം |
| 5. | പ്രസിഡന്റ് സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് | അംഗം |
| 6. | സഹകരണ ആഡിറ്റ് ഡയറക്ടർ | അംഗം |
| 7. | മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക് | അംഗം |
| 8. | മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് | അംഗം |
| 9. | ജില്ലാ സഹകരണ ബാങ്ക്, പ്രസിഡന്റുമാർ | അംഗങ്ങൾ |
| 10. | ചെയർമാൻ/ജനറൽ സെക്രട്ടറി, കേരള അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്  ഫെഡറേഷൻ | അംഗം |
| 11. | പ്രസിഡന്റ്/പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ | അംഗം |
| 12. | സഹകരണ സംഘം രജിസ്ട്രാർ | കൺവീനർ |

# ജില്ലാതല കമ്മിറ്റി ഘടന

| | | |
|---|---|---|
| 1. | ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് | ചെയർമാൻ |
| 2. | സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ | അംഗം |
| 3. | ജീവനക്കാരുടെ 3 പ്രതിനിധികൾ (അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ അതാത് ജില്ല തല പ്രതിനിധികളെ നിശ്ചയിക്കേണ്ടതാണ്. | അംഗങ്ങൾ |
| 4. | പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കിന്റെ പ്രസിഡന്റുമാർ | അംഗങ്ങൾ |
| 5. | ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ | അംഗം |
| 6. | പി.എ.സി.എസ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ്/സെക്രട്ടറി | അംഗം |
| 7. | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) | അംഗം |
| 8. | അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർ | അംഗങ്ങൾ |
| 9. | അസിസ്റ്റന്റ് ഡയറക്ടർമാർ (ആഡിറ്റ്) | അംഗങ്ങൾ |
| 10. | ജോയിന്റ് രജിസ്ട്രാർ (ജനറൽ) | കൺവീനർ |

## താലൂക്ക്തല കമ്മിറ്റികൾ

| | | |
|---|---|---|
| 1. | സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ/ആഫീസർ | ചെയർമാൻ |
| 2. | എല്ലാ പി.എ.സി.എസ് പ്രസിഡന്റുമാർ | അംഗങ്ങൾ |
| 3. | താലൂക്കിലെ അർബൻ ബാങ്ക് പ്രസിഡന്റുമാർ | അംഗങ്ങൾ |
| 4. | അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) | അംഗം |
| 5. | അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) | കൺവീനർ |
| 6. | പ്രസിഡന്റ്, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് | അംഗം |
| 7. | വാലേഷൻ ആഫീസർ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് | അംഗം |
| 8. | എക്സിക്യൂട്ടീവ് ആഫീസർ, ജില്ലാ സഹകരണ ബാങ്ക് | അംഗം |
| 9. | ശാഖാ മാനേജർ, ജില്ലാ സഹകരണ ബാങ്ക് | അംഗം |
| 10. | പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘം സെക്രട്ടറിമാരുടെ 3 പ്രതിനിധികൾ (അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) പ്രതിനിധികളെ നിശ്ചയിക്കേണ്ടതാണ്. | അംഗങ്ങൾ |
| 11. | ഇതര/മറ്റ് വിഭാഗം സഹകരണ സംഘങ്ങളുടെ പ്രസിഡന്റുമാർ–(സർക്കിൾ സഹകരണ യൂണിയൻ നോമിനേറ്റു ചെയ്യേണ്ടതാണ്) | അംഗങ്ങൾ |

# സംഘംതല കമ്മിറ്റി

| | | |
|---|---|---|
| 1. | പ്രസിഡന്റ്, പ്രാഥമിക സഹകരണ സംഘം/ബാങ്ക് | ചെയർമാൻ |
| 2. | സംഘം/ബാങ്ക് ഭരണസമിതി അംഗങ്ങൾ | അംഗങ്ങൾ |
| 3. | സഹകരണ സംഘം യൂണിറ്റ് ഇൻസ്‌പെക്ടർ | അംഗം |
| 4. | കുടുംബശ്രീ/എസ്.എച്ച്.ജി പ്രതിനിധികൾ | അംഗം |
| 5. | സംഘം സെക്രട്ടറി | കൺവീനർ |

പകർപ്പ്

1. രജിസ്ട്രാർ,
   കേരള ഹൈക്കോടതി–ഉപരിപത്രം സഹിതം
   എറണാകുളം
2. സെക്രട്ടറി,
   കേരള നിയമസഭ–ഉപരിപത്രം സഹിതം
3. ഡയറക്ടർ ഓഫ് കോ–ഓപ്പറേറ്റീവ് ആഡിറ്റ്,
   ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ,
   തിരുവനന്തപുരം.
4. മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
5. മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്,
   തിരുവനന്തപുരം.
6. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
7. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.
   (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
9. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
   (ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
10. എല്ലാ പ്രാഥമിക സഹകരണസംഘങ്ങൾ/ബാങ്കുകൾക്കും/ അർബൻ ബാങ്കുകൾക്കും/എംപ്ലോയീസ് സഹകരണസംഘങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
11. എല്ലാ പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾക്കും.
    (ജോയിന്റ് രജിസ്ട്രാർ ജനറൽ) മുഖേന)
12. അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന എല്ലാ വായ്പേതര സഹകരണസംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
13. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
14. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ.
15. വെബ്സൈറ്റ്.
16. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
17. സ്റ്റോക്ക് ഫയൽ/സ്പെയർ.

# DEPOSIT MOBILISATION CAMPAIGN

## PROFORMA-1

## DEPOSIT OUTSTANDING AS ON 09.12.2016

District (Rs in Crore)

| Sl No | Category | No of Society | Savings | | Fixed | | Others | | Total | |
|---|---|---|---|---|---|---|---|---|---|---|
| | | | No | Amnt | No | Amnt | No | Amnt | No | Amnt |
| 1. | DCB Individual | | | | | | | | | |
| | Co-operatives | | | | | | | | | |
| 2. | UCB | | | | | | | | | |
| 3. | PACS | | | | | | | | | |
| 4 | ECS | | | | | | | | | |
| 5 | UCS | | | | | | | | | |
| 6 | PCARDB | | | | | | | | | |
| 7 | OTHERS | | | | | | | | | |
| 8 | TOTAL | | | | | | | | | |

JOINT REGISTRAR(GENERAL)

sr.02.12.2016

# Deposit Mobilisation Campaign
# Proforma 2
# Progress report as on .......................
# (17.12.16, 24.12.16, 31.12.16,10.1.17)

District
Target
(Rs.in crores)

| Sl No | Category | No. of society | Deposit outstanding as on 9.12.16 and as on 17.12.16, 24.12.16, 31.12.16 | | | | | | | | Deposit outstanding as on ............ (17.12.16, 24.12.16, 31.12.16, 10.1.17) | | | | | | | | Net increase as on ...... (17.12.16,24.12.16,31.12.16, 10.1.17) | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | Savings | | Fixed | | Other | | Total | | Savings | | Fixed | | Others | | Total | | Savings | | Fixed | | Others | | Total | |
| | | | No | Amnt | No | Amnt | No | Amnt | No | Amnt | No | Amnt | No | Amnt | No | Amnt | No | Amnt | No | Amnt | No | Amnt | No | Amnt | No | Amnt |
| 1 | DCB Individual Societies | | | | | | | | | | | | | | | | | | | | | | | | | |
| 2 | Urban Banks | | | | | | | | | | | | | | | | | | | | | | | | | |
| 3 | PACS | | | | | | | | | | | | | | | | | | | | | | | | | |
| 4 | Employees Societies | | | | | | | | | | | | | | | | | | | | | | | | | |
| 5 | Urban Societies | | | | | | | | | | | | | | | | | | | | | | | | | |
| 6 | PCARDB | | | | | | | | | | | | | | | | | | | | | | | | | |
| 7 | Others | | | | | | | | | | | | | | | | | | | | | | | | | |
| 8 | Total | | | | | | | | | | | | | | | | | | | | | | | | | |

Joint Registrar (General)